പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 801 — 20/03/2013-ൽ മറുപടിയ്ക്കു്

**ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്കും, കോലധാരികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ എത്ര പേർക്കാണ് തുക നൽകിവരുന്നതെന്ന് പ്രത്യേകം പ്രത്യേകമായി വിശദമാക്കുമോ; | ബി) | നിലവിൽ 1153 ആചാരസ്ഥാനികർക്കും, 266 കോലധാരികൾക്കും ധനസഹായം നൽകി വരുന്നുണ്ട്. |
| സി) | കൂടുതൽ പേരെ പദ്ധതിയിലുൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | സി) | ഉണ്ട്. 29/01/2011 -ലെ സ.ഉ.(എം.എസ്) നം. 54/2011/ആർഡി പ്രകാരം ആചാരസ്ഥാനികരുടെയും കോലധാരികളുടെയും ധനസഹായ പദ്ധതി 2010 -ന്റെ നിബന്ധനകളിൽ ഇളവു വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാ നത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് 2011 ഫെബ്രുവരി മാസത്തിൽ ഒരവസരം കൂടി നൽകുകയും ഇപ്രകാരം അപേക്ഷിച്ചതും ഉചിത മാർഗ്ഗേണ ലഭിച്ചതുമായ 601 ആചാരസ്ഥാനികരുടെയും 89 കോലധാരികളുടെയും പട്ടിക അംഗീകരിച്ചിട്ടുണ്ട്. |
| ഡി) | ഈ ഇനത്തിൽ തുക നൽകിവരുന്നവർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; അറിയിക്കുമോ; | ഡി) | 2012 ആഗസ്റ്റ് മാസം മുതൽ 7 മാസത്തെ ധനസഹായം കുടിശ്ശികയായി നൽകാനുണ്ട് |
| ഇ) | കുടിശ്ശിക തുക എന്ന് നൽകുവാൻ സാധിക്കും; വിശദാംശം അറിയിക്കുമോ? | ഇ) | കുടിശ്ശിക നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ